മൃഗസംരക്ഷണ വകുപ്പ് വാങ്ങുന്ന മരുന്ന്

*282 [422] ശ്രീ. എ. വി. അബ്ദു റഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രോഗ വിമുക്തമേഖലാപദ്ധതിയനുസരിച്ചു മൃഗങ്ങളുടെ കുളമ്പുരോഗത്തിന് കേന്ദ്രഗവൺമെന്റ് നിയന്ത്രണത്തിലുള്ള നാഷണൽ ഡയറി ഡവലപ്പ്മെന്റ് ബോർഡ് ഉൽപ്പാദിപ്പിക്കുന്ന വാക്സിൻ വാങ്ങാതെ മൃഗ സംരക്ഷണവകുപ്പ് കൂടുതൽ വിലയുള്ള വാക്സിൻ പ്രൈവറ്റ് കമ്പനിയിൽ നിന്നു വാങ്ങുന്നുണ്ടോ ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) മൃഗസംരക്ഷണ വകുപ്പ് എല്ലാ മരുന്നുകളും സഹകാര്യ കമ്പനിയിൽനിന്നും വാങ്ങുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) കുളമ്പു രോഗപ്രതിരോധത്തിനുള്ള മരുന്ന് (വാക്സിൻ) സഹകാര്യ കമ്പനികളിൽനിന്നും വാങ്ങുന്നുണ്ട്. ഇപ്രകാരം സഹകാര്യ മേഖലയിൽനിന്നും വാങ്ങുന്ന വാക്സിന് നാഷണൽ ഡയറി ഡവലപ്പ്മെന്റ് ബോർഡ് ഉൽപ്പാദിപ്പിക്കുന്ന വാക്സിനെക്കാൾ വിലകൂടുതലാണ്. എന്നാൽ സഹകാര്യ കമ്പനിയിൽനിന്നു മാത്രം ആവശ്യാനുസരണം ഡിപ്പാർട്ടുമെന്റിന്റെ വിവിധ സ്ഥാപനങ്ങളിലേക്ക് നേരിട്ടു എത്തിച്ചുകൊടുക്കുന്നതുകൊണ്ടും ആവശ്യാനുസരണം ഉപയോഗിക്കുന്നതിന് സൗകര്യപ്രദമായ അളവിൽ ലഭ്യമാക്കുന്നതുകൊണ്ടും ആവശ്യത്തിലധികം വരുന്ന വാക്സിൻ കേടുകൂടാതെ സൂക്ഷിക്കുന്നതിന് ഡിപ്പാർട്ടുമെന്റിന്റെ യൂണിറ്റാഫീസുകളിൽ ഇപ്പോൾ സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ടുമാണ് സഹകാര്യമേഖലയിൽ നിന്നും വാക്സിൻ വാങ്ങുന്നത്.

(ബി) മൃഗസംരക്ഷണ വകുപ്പിലേക്ക് ആവശ്യമായ മരുന്നുകൾ സ്റ്റോറ്സ് പർചേസ് ചട്ടങ്ങൾക്ക് വിധേയമായി മാത്രമാണ് വാങ്ങാറുള്ളത്. സഹകാര്യ കമ്പനികൾക്ക് പ്രത്യേക പരിഗണന നൽകാറില്ല.

വ്യവസായങ്ങൾക്കു നൽകുന്ന വൈദ്യുതി നിരക്ക്

*283 [423] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൻകിട വ്യവസായങ്ങൾക്കും ചെറുകിട വ്യവസായങ്ങൾക്കും ഏതു നിരക്കിലാണിപ്പോൾ വൈദ്യുതി നൽകുന്നത് ;

(ബി) ഈ വ്യവസായങ്ങൾക്ക് നൽകുന്ന വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതു വിധത്തിൽ ;

(ഡി) ഇതുമൂലം ഒരു വർഷത്തിൽ ബോർഡിനുണ്ടാകുന്ന അധിക വരുമാനം എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly